# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.247 07.08.2017-ൽ മറുപടിയ്ക്ക്

## കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജ് നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | | കാസർഗോഡ് സർക്കാർ മെഡിക്കൽ കോളേജിന്റെ ആദ്യ ഘട്ടത്തിൽ 99.75 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നല്കിയിരുന്നു. ആന്തരിക റോഡുകളുടെയും കുഴൽ കിണറിന്റേയും ജോലികൾ പൂർത്തിയായി. ആദ്യ ഘട്ടത്തിന്റെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ട അക്കാഡമിക് ബ്ലോക്കിന്റെ നിർമ്മാണം പുരോഗമിച്ചു വരുന്നു. നാലു നിലകളുടെ ഘടനാപരമായ ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | ഈ കോളേജിന്റെ നിർമ്മാണത്തിന് ആവശ്യമായ മൊത്തം തുക എത്രയാണ് എന്ന് വ്യക്തമാക്കാമോ? | (ബി) | നിർമ്മാണ മേൽനോട്ട ഏജൻസിയായ കിറ്റ്കോയുമായി 282.7കോടി രൂപയ്ക്കുള്ള നിർമ്മാണ പ്രവർത്തനങ്ങൾക്കാണ് ധാരണപത്രം വയ്ച്ചിട്ടുള്ളത്. |
| (സി) | ഇതിനകം സർക്കാരിൽ നിന്നും മറ്റ് കേന്ദ്രങ്ങളിൽ നിന്നും അനുവദിച്ചു കിട്ടിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ? | (സി) | പദ്ധതി ഇനത്തിൽ 27.57കോടി രൂപയും കാസർഗോഡ് പാക്കേജിൽ ഉൾപ്പെടുത്തി 25.25 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ഡി) | നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ ബാക്കി തുക അനുവദിക്കുമോ എന്നും അതിനാവശ്യമായ എന്ത് നടപടികളാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (ഡി) | അനുവദിക്കപ്പെട്ട തുക ചെലവഴിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| (ഇ) | ഇതിനായി നബാർഡിൽ നിന്ന് എത്ര തുകയാണ് സഹായമായി ലഭിച്ചത്; ഈ തുക ഉപയോഗിച്ചുള്ള നിർമ്മാണം തുടങ്ങിയോ എന്നും എപ്പോഴാണ് തുക അനുവദിച്ച് കിട്ടിയതെന്നും വ്യക്തമാക്കാമോ; | (ഇ) & (എഫ്) | നബാർഡിൽ നിന്നും2015-ൽ 582 ലക്ഷം രൂപ ലഭ്യമായിട്ടുണ്ട്. ടെക്നിക്കൽ കമ്മിറ്റി എസ്റ്റിമേറ്റിൽ ചില മാറ്റങ്ങൾ നിർദ്ദേശിച്ചതിനെ തുടർന്ന് പുതുക്കിയ എസ്ററിമേറ്റ് നിർമ്മാണ മേൽനോട്ട ഏജൻസിയായ കിററ്കോ സമർപ്പിക്കുകയും ആയത് സർക്കാരിന്റെ പരിഗണനയിലുമാണ്. |
| (എഫ്) | ഈ തുക ഉപയോഗിച്ചുള്ള നിർമ്മാണം ആരംഭിച്ചിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്നും ഈ തുക ഉപയോഗിച്ചുള്ള നിർമ്മാണം എപ്പോൾ തുടങ്ങാൻ പറ്റുമെന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ